പോകുന്നില്ല. കാരണം ശ്രീ. മാത്യു റ്റി. തോമസ് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട് അതിൽ ഇക്കാര്യം സംബന്ധിച്ച് മറുപടി പറയാം. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ മുൻകൈ എടുത്ത് വളരെ ചരിത്രപ്രസിദ്ധമായ നഗരത്തിലെ ബൈപ്പാസ് ഉറന്നുകൊടുക്കാൻ ഒരു സംവിധാനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

(33) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, കൊച്ചി ധനുഷ്കോടി നാഷണൽ ഹൈവേയിലെ മൂവാറ്റുപുഴ ബൈപ്പാസിനുവേണ്ടി കടാതി മുതൽ പുന്നമറ്റം വരെയുള്ള സ്ഥലം വർഷങ്ങൾക്കുമുൻപേ അലൈൻമെന്റ് ഫിക്സ് ചെയ്ത് ഭൂമി മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുകയാണ്. എന്നാൽ ബൈപ്പാസിന്റെ നിർമ്മാണം വർഷങ്ങളായി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഈ അലൈൻമെന്റിൽപ്പെട്ട ഭൂമിയുടെ ഉടമസ്ഥർക്ക് ഭൂമി കൈമാറ്റം നടത്താൻ സാധിക്കാതെയും നഷ്ടപരിഹാരം ലഭിക്കാതെയും നട്ടം തിരിയുകയാണ്. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ മൂന്ന് ബൈപ്പാസുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനിടയിൽ പി.പി.പി. അടിസ്ഥാനത്തിലോ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമെന്ന നിലയിലോ ഇത് പണിയുമെന്നാണ് വാർത്തകൾ കേൾക്കുന്നത്. എന്നാൽ ഇപ്പോൾ ബന്ധപ്പെട്ടവരെല്ലാം മൗനം പാലിക്കുകയാണ്. മൂവാറ്റുപുഴ നഗര മധ്യത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേക്ക് ബൈപ്പാസ് നിർമ്മിക്കുകയെന്നത് ഏറ്റവും അനിവാര്യമായ കാര്യമാണ്. അതുപോലെ തന്നെ ഭൂമി നൽകാൻ സന്നദ്ധരായ അനേകം ആളുകൾ അനുഭവിക്കുന്ന ജീവിത പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കേണ്ടതാണ്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി പ്രശ്നം പരിഹരിക്കാനും റോഡ് നിർമ്മിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, മൂവാറ്റുപുഴ ടൗണിൽ ദേശീയപാത 49-ൽ കാരക്കുന്നം മുതൽ കടാതി വരെയുള്ള 6 കിലോമീറ്ററാണ് മൂവാറ്റുപുഴ ബൈപ്പാസിന്റെ അംഗീകരിക്കപ്പെട്ട അലൈൻമെന്റ്. ഇതിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 22.81 ഹെക്ടർ സ്ഥലം ആവശ്യമാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ മൂവാറ്റുപുഴ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഉടൻ കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

1281/2018

LIBRARY ARCHIVES Kerala Legislative Assembly